# ക്രിസ്തുവിന്റെ ജീവിതം, 1

ഡേവിഡ് എൽ. റോപ്പർ

THROUGH THE SCRIPTURES.COM

കോഴ്സ്: ക്രിസ്തുവിന്റെ ജീവിതം, 1

ഗ്രന്ഥകർത്താവ്: ഡേവിഡ് എൽ. റോപ്പർ

ഈ കോഴ്സ് തയ്യാറാക്കിയിട്ടുള്ളത്, ട്രൂത്ത് ഫോർ ടുഡെ വേൾഡ് മിഷൻ സ്കൂൾ പ്രസിദ്ധീകരിച്ചിട്ടുള്ള *The Life of Christ*ലെ, ട്രൂത്ത് ഫോർ ടുഡെ പരമ്പരയിൽ നിന്നുമാണ്. പ്രത്യേക അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു.

പകർപ്പവകാശം© 2001–2002, 2017

എല്ലാ അവകാശങ്ങളും വേർതിരിക്കപ്പെട്ടിരിക്കുന്നു. ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ ഒരു ഭാഗവും പ്രസാധകന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഏതെങ്കിലും രൂപത്തിൽ പുന:പ്രസിദ്ധീകരിച്ചേക്കാവുന്നതല്ല.

ഈ ഇലക്ട്രോണിക് ബോധന സഹായിയിൽ ഉപയോഗിച്ചിരിക്കുന്ന, മലയാളം അസ്സൽ ഭാഷ്യത്തിന്റെ ഇലക്ട്രോണിക് രൂപത്തിലുള്ള ഉള്ളടക്കം, ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ഉപയോഗിച്ചിട്ടുള്ളതാണ്.

# പ്രധാനപ്പെട്ട അറിയിപ്പ്

## ഇത് ഒരു ഏക ഉപയോക്താവ് ഉൽപ്പന്നമാണ്
## (നിർദ്ദിഷ്ട വ്യക്തികളുടെ ഉപയോഗത്തിനു വേണ്ടി മാത്രമുള്ളത്)

ഈ ThroughTheScriptures.com കോഴ്സിന്റെ ഒരു പഠിതാവ് എന്ന നിലയിൽ, കോഴ്സിന്റെ ഭാഗമായി ഉപയോഗിക്കുന്നതിനും കോഴ്സിന്റെ തുടർ അദ്ധ്യയനത്തിനായി നിങ്ങളുടെ സ്വന്തം വ്യക്തിഗത ഉപയോഗ ത്തിനും വേണ്ടി, ഈ ഡിജിറ്റൽ ബുക്കിലേക്ക് നിങ്ങൾക്ക് പ്രവേശനം നൽകിയിരിക്കുന്നു. **ഇതിലെ ഉള്ളടക്കം ഏതെങ്കിലും വിധത്തിൽ മറ്റാരെങ്കിലുമായും പങ്കു വെക്കുന്നതിന് വേണ്ടിയല്ല നിങ്ങൾക്ക് ഇതിലേക്ക് പ്രവേശനം നൽകിയിട്ടുള്ളത്.**

ഈ ഫയൽ നിങ്ങളുടെ പേരും ഇ–മെയിൽ വിലാസവും ഉപയോഗിച്ച് ഡിജിറ്റൽ രീതിയിൽ അടയാളപ്പെടു ത്തിയിട്ടുള്ളതാണ്. **ഈ ഫയലിലെ ഉള്ളടക്കത്തിന്റെ ഏതെങ്കിലും ഭാഗം മറ്റുള്ളവരുമായി പങ്കു വെക്കുകയോ വിൽക്കുകയോ നൽകുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അത് നിങ്ങളുടെ സ്റ്റുഡന്റ് അക്കൗണ്ട് റദ്ദാക്കപ്പെടുന്നതിൽ കലാശിക്കും.**

നിങ്ങളുടെ സ്വന്തം വ്യക്തിഗത ഉപയോഗത്തിനായി ഉള്ളടക്കത്തിന്റെ പകർപ്പുകളെടുക്കുന്നതിനായി നിങ്ങൾക്ക് ഇതിലേക്ക് പ്രവേശനം നൽകിയിരിക്കുന്നു. ഇതിന്റെ ഉള്ളടക്കത്തിന്റെ ഒന്നിലേറെ പകർപ്പുകൾ കമ്പ്യൂട്ടറിലെ പല സ്ഥലങ്ങളിലായി സൂക്ഷിക്കുന്നതിന് ശുപാർശ ചെയ്യുന്നു. ഉപയോക്താവിന്റെ തെറ്റു കൊണ്ടോ കമ്പ്യൂട്ടർ തകരാറാകുന്നതു മൂലമോ ഈ ഫയൽ നഷ്ടപ്പെടുന്നത് അത് ഒഴിവാക്കും.

# നാലു സുവിശേഷ വിവരണങ്ങൾ

## മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ

നാം പുതിയനിയമത്തിന്റെ ആദ്യ നാലുപുസ്തകങ്ങൾ പഠിച്ചു തുടങ്ങുകയാണ്, അവ ഓരോന്നും അവയുടെ ലേഖകന്മാരാൽ അറിയപ്പെടുന്നു:

മത്തായി – ഒരു മുൻചുങ്കക്കാരനും യേശുവിന്റെ അപ്പൊസ്തലനും.

മർക്കൊസ് – പ്രവൃത്തികളുടെ പുസ്തകത്തിലെ യോഹന്നാൻ എന്ന മർക്കൊസ്, അപ്പൊസ്തോലിക യുഗത്തിലെ ഒരു യുവ ഉപദേഷ്ടാവാണ്.

ലൂക്കൊസ് – വൈദ്യനായ ലൂക്കൊസ്, റോമിലേക്കുള്ള യാത്രയടക്കം, പൗലൊസിനോടുകൂടെ പല മിഷ്ണറി യാത്രകളിലും അനുഗമിച്ചു.

യോഹന്നാൻ – മുൻപ് മീൻ പിടിച്ചുകൊണ്ടിരുന്നവനും ''പ്രിയ'' അപ്പൊസ്തലനും.

പിന്നീട് ഇതേ പുസ്തകത്തിൽ നാം മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരുടെ പുസ്തകങ്ങൾ ഓരോന്നും വെവ്വേറെ പഠിക്കും, എന്നാൽ ആദ്യം നമുക്ക് അവയെ ഒന്നിച്ചു പരിഗണിക്കാം.

### ഒരു സംഭവത്തിന്റെ നാലു വിവരണങ്ങൾ

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളെ പലപ്പോഴും "നാലു സുവിശേഷങ്ങൾ" എന്ന് വിളിക്കപ്പെടുന്നു, എന്നാൽ വാസ്തവത്തിൽ അവ ഒരു സുവിശേഷത്തിന്റെ *നാല് വിവരണങ്ങളാണ്.*[1]

ആദ്യത്തെ മൂന്നു പുസ്തകങ്ങളെ പൊതുവിൽ "ഒരേ വീക്ഷണമുള്ള സുവിശേഷങ്ങൾ" എന്നാണ് അറിയപ്പെടുന്നത്. "സിനോപ്റ്റിക്ക്" എന്നത് "നോക്കുക അല്ലെങ്കിൽ വീക്ഷിക്കുക" എന്ന അർത്ഥമുള്ള "റ്റുഗെതർ" എന്നതിന്റെ ഗ്രീക്ക് വാക്കുമായി യോജിക്കുന്നു. ''സിനോപ്റ്റിക്'' അതുകൊണ്ട് അർത്ഥമാകുന്നത് "ഒരുമിച്ച് കാണുക" എന്നാണ്. ആദ്യത്തെ മൂന്നു പുസ്തകങ്ങളെ പറഞ്ഞിരിക്കുന്നത് "ദ സിനോപ്റ്റിക് ഗോസ്പെൽസ്" എന്നാണ് കാരണം യേശുവിനെ കുറിച്ച് ഒരേ കാഴ്ച്ചപ്പാടാണ് അവ നൽകുന്നത്. അവ എല്ലാം ഒരു പക്ഷെ ഏ.ഡി. 70–ൽ യെരുശലേം നശിപ്പിക്കുന്നതിനു മുൻപ് എഴുതപ്പെട്ടിരിക്കാം.

യോഹന്നാന്റെ പുസ്തകത്തെ ചിലപ്പോൾ പറയുന്നത് "ദി ആട്ടോപ്റ്റിക് [സെൽഫ് – വ്യൂ] ഗോസ്പെൽ''[2] എന്നാണ് കാരണം മറ്റ് മൂന്നിലുള്ള സമീപനത്തെക്കാൾ വ്യത്യസ്തമായ സമീപനമാണ് അതിലുള്ളത്. യോഹന്നാന്റെ വിവരണങ്ങൾ എഴുതിയത് ഒരുപക്ഷെ ആദ്യത്തെ മൂന്നും എഴുതിയശേഷം, ഏ.ഡി. 90–കളിൽ, ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടടുപ്പിച്ച് ആകാം.

## എന്തുകൊണ്ട് നാല് വിവരണങ്ങൾ?

ഒരേ സംഭവത്തിന്റെ ഒരേ കാലയളവിലുള്ള വിവരണങ്ങൾ എന്തുകൊണ്ട് ദൈവം നമുക്കു നാല് പുസ്തകങ്ങളിൽ നൽകി? തിരുവെഴുത്തുകളിൽ, മറ്റു കാലയളവിലെ സംഭവങ്ങൾ ഒന്നിൽ കൂടുതൽ പുസ്തകങ്ങളിലാണ് വിവരിച്ചിട്ടുള്ളത് (1 ശമുവേലിൽ തുടങ്ങി 2 രാജാക്കന്മാരിൽ വരെയുള്ള സംഭവങ്ങൾ പലതും 1–ഉം 2–ഉം ദിനവൃത്താന്തങ്ങളിലും വിവരിച്ചിട്ടുണ്ട്), എന്നാൽ ഒരേ സംഭവത്തെ നാല് വിവരണങ്ങളിൽ നൽകുന്നത് അസാധാരണമാണ്.

സഭയുടെ പ്രാരംഭ ചരിത്രത്തിൽ, ആ നാലു വിവരണങ്ങൾ എന്തുകൊണ്ട് എന്ന് മനുഷ്യർ ചിന്തിച്ചിട്ടുണ്ട്. അതിൽ ഒരു ഊഹം ''മനുഷ്യന്റെ [ആലങ്കാരിക] സംഖ്യയാണ് നാല്" എന്നാണ്. ദൈവം എന്തുകൊണ്ടാണ് ആ പ്രത്യേക സംഖ്യ എടുത്തത് എന്നു നമുക്കറിയില്ല, എന്നാൽ ദൈവശ്വാസീയമായി ബഹുവിധ വിവരണങ്ങൾ ഉള്ളതിന്റെ വസ്തുത സൂചിപ്പിക്കുന്നത് പല കാര്യങ്ങളാണ്:

(1) യേശുവിന്റെ സംഭവം *എത്രത്തോളം പ്രാധാന്യമുള്ള*താണെന്ന് നാല് വിവരണങ്ങൾ കാണിക്കുന്നു.

(2) യേശുവിന്റെ സംഭവത്തെ *ഉറപ്പിക്കേണ്ടതിനുള്ള* ആവശ്യത്തെയാണ് നാല് വിവരണങ്ങൾ നൽകുന്നത്. "ഏതുകാര്യവും ഉറപ്പാക്കു ന്നതിനു *രണ്ടോ മൂന്നോ* സാക്ഷികളുടെ തെളിവ് വേണം" എന്ന് മോശെ പറഞ്ഞു (ആവർത്തനപുസ്തകം 19:15; എംഫസിസ്മൈൻ). *നാല്* സാക്ഷികൾ അതിലും ഉത്തമമാണ്.

(3) യേശുവിന്റെ *ബഹുവിധ സ്വഭാവം* വെളിപ്പെടുത്തുന്നതാണ് നാല് വിവരണങ്ങൾ. ഒരു എഴുത്തുകാരൻ മാത്രമായാൽ ഒരുപക്ഷെ അവനോട് നീതിപുലർത്തുവാൻ കഴിയുമായിരുന്നില്ല എന്നു വന്നേക്കാം.

> ലണ്ടനിലെ നാഷനൽ ഗാലറിയിൽ ഒരു കാൻവാസിൽ തന്നെ ചാൾസ് I.ന്റെ മൂന്ന് ചിത്രങ്ങൾ കാണാം. ഒന്നിൽ അവന്റെ തല വലത്തോട്ട് തിരിഞ്ഞിരിക്കുന്നു; മറ്റൊന്നിൽ, ഇടത്തോട്ട് ചരിഞ്ഞിരിക്കുന്നു; മദ്ധ്യത്തിൽ നമുക്ക് അവന്റെ മുഴുവൻ–മുഖവും കാണാം. അതാണ് ആ ചിത്രത്തിന്റെ തന്നെ പ്രത്യേകത. വാൻ ഡിക് റോമൻ ശില്പിയായ, ബർണിനിക്കുവേണ്ടി അവ പെയിന്റ് ചെയ്തു, അങ്ങനെ അവരുടെ സഹായത്താൽ രാജാവിന്റെ ശില്പം രൂപപ്പെടുത്തേണ്ടതിനാണ്. ആ പതിപ്പുകളെ യോജിപ്പിച്ചുകൊണ്ട്, ബെർണിനിക്ക് "സംസാരിക്കുന്നതു" പോലെയുള്ള ഒന്ന് ഉണ്ടാക്കു വാൻ കഴിയും. ഒരു കാഴ്ച്ചപ്പാട് മാത്രം അതിനു മതിയായതല്ല.
>
> ഈ ചിത്രങ്ങളുടെ ഉദ്ദേശം തന്നെയാണ് സുവിശേഷത്തിനു മുള്ളത് എന്നത് സത്യമായിരിക്കാം. ഓരോന്നും ഈ ഭൂമിയിലെ കർത്താവിന്റെ ജീവിതത്തിന്റെ വ്യത്യസ്ത കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കുന്നു. ഒത്തൊരുമിച്ച് നമുക്ക് ആ ചിത്രത്തിന്റെ പൂർണ്ണത ലഭിക്കുന്നു. അവൻ ഒരു രാജാവായിരുന്നു, എന്നാൽ തികഞ്ഞ ദാസനും, ആയിരുന്നു. അവൻ മനുഷ്യ പുത്രനായിരുന്നു, എന്നാൽ അവൻ ദൈവപുത്രനും ആയിരുന്നു എന്ന കാര്യം നാം മറക്കരുത്.[3]

## നാല് വിവരണങ്ങളെ താരതമ്യം ചെയ്യൽ

അടിസ്ഥാനപരമായി നാല് വിവരണങ്ങൾക്കും ഒരേ ഉദ്ദേശമാണുള്ളത് – യേശുവിനെ വെളിപ്പെടുത്തുക – എന്നാൽ ഓരോന്നും എഴുതപ്പെട്ടിരിക്കുന്നത് വ്യത്യസ്ത കാഴ്ച്ചപ്പാടിൽ നിന്നാണ്, സ്പഷ്ടമായും ഉന്നം വെച്ചിട്ടുള്ളത് ഏതാണ്ട് വ്യത്യസ്തമായ സദസ്യരെയുമാണ്.[4] നാല് വിവരണങ്ങളെയും താരതമ്യം ചെയ്യുന്നതാണ് താഴെ കൊടുത്തിട്ടുള്ള ചാർട്ട്.

മത്തായി പ്രാഥമികമായി *യെഹൂദന്മാർ*ക്കുവേണ്ടി ആയിരുന്നു എഴുതിയത്. അവൻ നൂറിലധികം പഴയനിയമ വേദഭാഗങ്ങൾ ഉദ്ധരിക്കുകയും യെഹൂദന്മാർക്കു സുപരിചിതമായിരുന്ന, "ദാവീദിന്റെ സന്തതി" എന്നിങ്ങനെയുള്ള പദങ്ങളും ഉപയോഗിച്ചു (മത്തായി 1:1). തന്റെ രാജ്യം സ്ഥാപിക്കുവാൻ വന്ന ഒരു രാജാവായിട്ടാണ് യേശുവിനെ അവൻ അവതരിപ്പിച്ചത്; "രാജ്യം" എന്ന വാക്ക് ഈ പുസ്തകത്തിൽ അൻപത്തി–അഞ്ച് പ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ട്. യേശുവിനെ മശിഹയായി പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് അവന്റെ ഉപദേശങ്ങളെ കുറിച്ചും, രാജ്യത്തെ കുറിച്ചും, അധികാരത്തെ കുറിച്ചും എഴുതിയിരിക്കുന്നു.[5]

മത്തായിയിൽ നിന്ന് വ്യത്യസ്തമായി, മർക്കൊസ് യെഹൂദർ–അല്ലാത്ത സദസ്യർക്കാണ് എഴുതിയതെന്നു തോന്നുന്നു. ജാതികളോടു താൽപര്യമില്ലായ്മ എന്നത് അവൻ അവസാനിപ്പിച്ചു, ഉദാഹരണമായി വംശാവലിയെ കുറിച്ചുള്ള പഠനം. അവൻ സാധാരണ യെഹൂദ പാരമ്പര്യത്തെ കുറിച്ചു സൂചിപ്പിച്ചപ്പോൾ, അത് വിശദമാക്കി. പല എഴുത്തുകാരും വിചാരിക്കുന്നത് മർക്കൊസ് എഴുതിയത് *റോമാ* സദസ്യർക്കായിരുന്നു എന്നാണ്;[6] മറ്റ് എഴുത്തുകാർ ഗ്രീക്ക് പദപ്രയോഗ ങ്ങൾ ഉപയോഗിച്ച സംഭവങ്ങളിൽ അവൻ ഉപയോഗിച്ചത് പലപ്പോഴും ലാറ്റിൻ പദപ്രയോഗമായിരുന്നു. അലക്സാൻട്രിയക്കാരനായ ക്ളെമന്റ് പറഞ്ഞതനുസരിച്ച് (സി. എ.ഡി. 150–215), പത്രൊസിൽനിന്നു കേട്ട ക്രിസ്തുവിന്റെ ജീവിതം അതുപോലെ രേഖപ്പെടുത്തുവാൻ റോമിലുള്ള ക്രിസ്ത്യാനികളിൽ നിന്ന് മർക്കൊസിന് ഒരു അപേക്ഷ ലഭിച്ചു.[7] യേശു *പഠിപ്പിച്ചതിനെ*ക്കാൾ അവൻ *ചെയ്തതിനെ*യാണ് കൂടുതൽ മർക്കൊസ് കരുതിയതെന്നു തോന്നുന്നു. അവൻ യേശുവിനെ, മറ്റുള്ളവരെ സഹായിക്കുന്ന ഒരു ദാസനായിട്ടാണ് അവതരിപ്പിച്ചത് (മർക്കൊസ് 10:45). അവൻ യേശുവിന്റെ അത്ഭുതങ്ങൾക്ക് ഊന്നൽ കൊടുത്തത്, അവയിൽ, ജനങ്ങളോടുള്ള കർത്താവിന്റെ സ്നേഹവും കരുതലും കാണുവാൻ കഴിയുന്നതുകൊണ്ടാണ്.

മർക്കൊസിനെ പോലെ, ലൂക്കൊസും എഴുതിയത് യെഹൂദർ–അല്ലാത്ത സദസ്യർക്കായിരുന്നു എന്നു സ്പഷ്ടം. എങ്ങനെയായാലും, മർക്കൊസിന്റെ വിവരണം പ്രവൃത്തി–തൽപരരായ റോമാക്കാരെ ഉന്നം വെക്കുമ്പോൾ, ലൂക്കൊസിന്റെ വിവരണം എഴുതപ്പെട്ടത്, ബുദ്ധിയുള്ള വിദ്യാർത്ഥിയെ ഉന്നം വെച്ചുകൊണ്ടാണെന്നു തോന്നുന്നു. പലരും തീർച്ചയാക്കുന്നത് ലൂക്കൊസിന്റെ മനസ്സിൽ *യവന* സദസ് ആയിരുന്നു എന്നാണ്. അവന്റെ വിവരണത്തിൽ യേശുവിനെ "മനുഷ്യപുത്രൻ" ആയി അവതരിപ്പിക്കുകയും (ലൂക്കൊസ് 19:10) അവന്റെ തികഞ്ഞ മനുഷ്യത്വത്തിന് പ്രത്യേക ഊന്നൽ കൊടുക്കുകയും ചെയ്തു.

യോഹന്നാന്റെ വിവരണം എഴുതപ്പെട്ടത് ഒരുപക്ഷെ മറ്റുമൂന്നും എഴുതിയതിനുശേഷവും അതിന് അതിന്റേതായ പ്രത്യേക ഊന്നലുമുണ്ട്.

യേശുവിന്റെ സ്വഭാവത്തെ കുറിച്ച് തെറ്റായ ആശയങ്ങൾ ഉയർന്നു വന്നു, അതു *വിശ്വാസികൾ*ക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കി. യോഹന്നാൻ യേശുവിനെ "ദൈവപുത്രൻ" ആയിട്ടാണ് അവതരിപ്പിച്ചത് (യോഹന്നാൻ 20:31) അവന്റെ ദൈവികത്വത്തിന് ഊന്നൽ കൊടുക്കുകയും ചെയ്തിരിക്കുന്നു.

മത്തായി ഇന്നത്തെ ബൈബിൾ വിദ്യാർത്ഥിക്ക് പ്രത്യേകമായ അപേക്ഷ നൽകുകയും മർക്കൊസ് സാധാരണക്കാർക്കും, വ്യവസായി കൾക്കും പ്രത്യേകമായ അപേക്ഷ നൽകുകയും ചെയ്യുന്നു, എന്നാൽ ലൂക്കൊസ് പ്രത്യേകമായി ഉദ്ദേശിക്കുന്നത് പണ്ഡിതന്മാരെയും, ചിന്തകന്മാരെയും, താത്വികന്മാരെയും, സത്യ-അന്വേഷകന്മാരെയുമാണ് എന്നു നമുക്കു പറയാം. നേരെമറിച്ച്, യോഹന്നാനെ വിളിച്ചത് "സർവ്വ ദേശീയ സുവിശേഷം," എന്നും അതു എല്ലാകാലത്തേക്കും എല്ലാ ആളുകളേയും ആകർഷിക്കുന്ന തായിരുന്നു.

കൂടാതെ, മത്തായിയുടെ ഉദ്ദേശം യേശുവിനെ *വാഗ്ദാന* രക്ഷകൻ ആയി അവതരിപ്പിക്കുക എന്നതായിരുന്നു; എന്നാൽ മർക്കൊസ്, *ശക്തനായ* രക്ഷകനെയാണ് അവതരിപ്പിച്ചത്; ലൂക്കൊസ് ആകട്ടെ, *പൂർണ്ണ* രക്ഷക നെയുമാണ്; യോഹന്നാൻ, *വ്യക്തിപരമായ* രക്ഷകനെയും അവതരിപ്പിച്ചു എന്നു നമുക്കു പറയാം. നാം ഈ വ്യത്യാസങ്ങൾ പരിശോധിക്കുമ്പോൾ, എങ്ങനെയായാലും, ഓരോ പുസ്തകത്തിന്റെയും അന്തിമമായ ലക്ഷ്യം ഒന്നുതന്നെയാണ് എന്ന വസ്തുത വിസ്മരിക്കരുത്: *എല്ലാവരേയും രക്ഷിക്കുന്ന യേശുവിന്റെ പരിജ്ഞാനത്തിലേക്ക് കൊണ്ടുവരിക!*

**നാലു വിവരണങ്ങൾ എന്തു നൽകുന്നു**

"ജീവചരിത്രം" എന്ന വാക്ക് ചിലപ്പോൾ സുവിശേഷ വിവരണങ്ങൾക്ക് പ്രയോഗിച്ചിട്ടുണ്ട്, എന്നാൽ ആ വാക്കിന്റെ തികഞ്ഞ അർത്ഥത്തിൽ, ആ നാലുപുസ്തകങ്ങളും ജീവചരിത്രങ്ങൾ അല്ല. മറിച്ച്, അവ "നിർദ്ദേശ ങ്ങൾക്കുള്ള സംഭവങ്ങളാണ്." ("ഡിഡാക്ടിക്" എന്നത് ഗ്രീക്ക് വാക്കിൽ നിന്നു വരുന്നതും അതിന്റെ അടിസ്ഥാനപരമായ അർത്ഥം "ഉപദേശിക്കൽ" എന്നുമാണ്.) ആ വിവരണങ്ങൾ വാസ്തവത്തിലുള്ള ജീവചരിത്രങ്ങൾ അല്ല എന്നു നാം പറയുന്നതിന് ഇതാ ഏതാനും കാരണങ്ങൾ:

(1) യേശുവിന്റെ ജീവിതത്തെ എല്ലാം ഉൾപ്പെടുത്തുവാനുള്ള ശ്രമം അവയിൽ ഇല്ല. ആദ്യത്തെ മുപ്പതുവർഷക്കാലത്തേത് ഏതാണ്ട് ഒന്നുമില്ല എന്നു പറയാം, എന്നാൽ പുസ്തകത്തിലെ നാല് വിവരണങ്ങളിൽ മൂന്നിൽ-ഒരു ഭാഗവും കേന്ദ്രീകരിക്കുന്നത് ഒറ്റ സംഭവത്തെയാണ് (യേശുവിന്റെ മരണം). യേശുവിന്റെ ജീവിതത്തിലെ പന്ത്രണ്ടു മുതൽ മുപ്പതുവരെ വയസിനിടയിലുള്ള സംഭവങ്ങളെ കുറിച്ചു രേഖയൊന്നും നമുക്കു ലഭിച്ചിട്ടില്ല. ആരെങ്കിലും എന്റെ ജീവിത കഥ എഴുതുമ്പോൾ പന്ത്രണ്ടുമുതൽ മുപ്പതുവരെയുള്ള വയസിനിടയിലെ സംഭവങ്ങളെ ഒഴിവാക്കിക്കൊണ്ടാണ് അതു ചെയ്യുന്നതെങ്കിൽ, ഞാൻ എങ്ങനെ എന്റെ ഭാര്യയെ കണ്ടെത്തി എന്നോ ഞാൻ പ്രസംഗിക്കുവാൻ തീരുമാനിച്ചത് എന്തുകൊണ്ടെന്നോ, എന്റെ വിവാഹത്തെ സംബന്ധിച്ചും, എന്റെ ജോലി തുടങ്ങിയതിനെ കുറിച്ചും അല്ലെങ്കിൽ എന്റെ കുട്ടികളുടെ ജനനത്തെ

കുറിച്ചും ഉള്ള രേഖകൾ, അതിൽ വിവരിക്കുകയില്ല. അങ്ങനെ വരുമ്പോൾ ആ ജീവചരിത്രം തികച്ചും അസാധാരണമായ ഒന്നായി തീരും!

(2) ഒരു കാലനിർണ്ണയപ്രകാരമുള്ള സമീപനമാണ് അടിസ്ഥാന പരമായി രേഖകൾക്കു ഉപയോഗിക്കുന്നതെങ്കിലും – ജനനം, ബാല്യം, സ്നാനം, ശുശ്രൂഷ, മരണം, ഉയർത്തെഴുന്നേൽപ് – എഴുത്തുകാരെ സംബന്ധിച്ച് കാലനിർണ്ണയം എപ്പോഴും അത്ര പ്രാധാന്യമുള്ളതായിരുന്നില്ല. അവർ ചില സത്യങ്ങൾക്ക് ഊന്നൽ കൊടുക്കുവാൻ പലപ്പോഴും സംഭവങ്ങളെ യോജിപ്പിച്ചു.

(3) എഴുത്തുകാരാരും യേശുവിന്റെ ശാരീരികമായ പ്രത്യക്ഷതയെ വിവരിച്ചിട്ടില്ല. ഏത് ജീവചരിത്രകാരനാണ് അതു ചെയ്യുന്നതിൽ പരാജയപ്പെടുന്നത്?

ആ നാലു പുസ്തകങ്ങൾ കാലനിർണ്ണയത്തെ അധികം കരുതാത്ത നിർദ്ദേശങ്ങൾക്കുള്ള രേഖകൾ ആയതുകൊണ്ട്, ആ നാല് വിവരണ ങ്ങളെയും ഒരൊറ്റ സംഭവം (ഒരു "യോജിച്ച") ആക്കി ചേർക്കുക എളുപ്പമല്ല. എങ്ങനെയായാലും, മുൻപു സൂചിപ്പിച്ചതു പോലെ, അത്തരം ശ്രമത്തിനു വിലയുണ്ട്. ഈ പുസ്തകത്തിൽ പിന്നീട് കൊടുത്തിട്ടുള്ള "സുവിശേഷ വിവരണങ്ങളിൽ ഉള്ള വസ്തുതകൾ" എന്ന ചാർട്ട് നൽകുന്നത് യേശുവിന്റെ ഒന്നിച്ചുള്ള സംഭവത്തെ കുറിച്ചു നാലു പുസ്തകങ്ങളിൽ ഓരോന്നും തയ്യാറാക്കിയിരിക്കുന്നതിന്റെ ഒരേകദേശരൂപമാണ്.

അടിസ്ഥാനപരമായി ഒരേ വസ്തുതയെ അവതരിപ്പിക്കുന്നതാണ് പൊതുവായ വിവരണങ്ങൾ എന്നുള്ളത് ശ്രദ്ധിക്കുക, എന്നാൽ യോഹ ന്നാന്റെ വിവരണം മുഖ്യമായും കൂടുതൽ വസ്തുതകൾ അവതരിപ്പി ക്കുന്നതാണ്. ഒരേ സമയത്ത് ഉള്ള കാര്യങ്ങൾ പറയുന്നതിൽ പോലും, മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവരുടെ വിവരണങ്ങളെക്കാൾ വ്യത്യസ്തമായ കാര്യങ്ങളാണ് യോഹന്നാൻ സാധാരണ അവത രിപ്പിക്കുന്നത്. യോഹന്നാന്റെ വിവരണങ്ങളിൽ യേശുവിന്റെ ജനനം, അവന്റെ സ്നാനവും പരീക്ഷണങ്ങളും, ഗിരിപ്രഭാഷണം, ഉപമകൾ, മറുരൂപം, കർത്തൃമേശ സ്ഥാപനം, ഗദ്ശെമനയിലെ വേദന എന്നിവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല – അവയെല്ലാം പൊതുവായ സുവിശേഷങ്ങളിൽ ഉള്ളതായി കാണാം.

നാല് വിവരണങ്ങളിലും യേശുവിന്റെ മരണം, അടക്കം, ഉയർത്തെ ഴുന്നേൽപ് എന്നിവ ഒഴിവാക്കിക്കൊണ്ട്, ഏതാനും സംഭവങ്ങൾ മാത്രമേ സൂചിപ്പിച്ചിട്ടുള്ളതായി കാണാൻ സാധിക്കൂ. നാലു പുസ്തകങ്ങളും ഒരേ സംഭവത്തെ കുറിച്ചു പറയുമ്പോൾ, അത് ശ്രദ്ധിക്കത്തക്ക വിലയുള്ളതാണ്; ആ സംഭവത്തിന് പ്രത്യേക അർത്ഥവും പ്രാധാന്യവുമുണ്ടാകും.

### നാലു വിവരണങ്ങളിലെ വ്യത്യാസങ്ങൾ

സുവിശേഷത്തിന്റെ യോജിപ്പ് ഉണ്ടാക്കുവാൻ ആരംഭിക്കുമ്പോൾ, ഒരേ സംഭവത്തിന്റെ തന്നെ വിവരണങ്ങൾ തമ്മിൽ സ്പഷ്ടമായ വ്യത്യാസങ്ങൾ ഉള്ളതായി കാണാനാകും. ആ വ്യത്യാസങ്ങൾ എങ്ങനെ വിശദമാക്കും?[8]

മിക്ക കാര്യങ്ങളിലും, ഒരു വിവരണത്തിൽ മറ്റൊരു വിവരണം കൂട്ടിചേർത്ത് പൂർത്തിയാക്കുന്നതായി കാണാം. ബേഥാന്യയിൽവെച്ച്

യേശുവിനെ അഭിഷേകം ചെയ്യുന്ന സംഭവം പരിഗണിക്കുക. മത്തായിയുടെ വിവരണത്തിൽ (മത്തായി 26:6–13), യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ ചെന്നപ്പോൾ പേർ പറയാത്ത ഒരു സ്ത്രീ ഒരു പാത്രം വിലയേറിയ തൈലവുമായി കടന്നുവന്ന് യേശുവിനെ അഭിഷേകം ചെയ്തു, അതിൽ ഉള്ള പ്രതിഷേധം യേശുവിന്റെ ശിഷ്യന്മാർ പ്രകടമാക്കി. മർക്കൊസിന്റെ വിവരണം (മർക്കൊസ് 14:3–9) ഏതാണ്ട് അതുപോലെ തന്നെയാണ്, എന്നാൽ ചില വിശദാംശങ്ങൾ കൂട്ടിചേർത്തിട്ടുണ്ട്: ആ തൈലം സ്വച്ഛജടാമാംസി തൈലമായിരുന്നു, സ്ത്രീ ആ ഭരണി പൊട്ടിക്കുകയും, അതിലുണ്ടായിരുന്ന തൈലത്തിന്റെ വില മുന്നൂറ് വെള്ളിക്കാശായിരുന്നു.[9] യോഹന്നാന്റെ വിവരണത്തിൽ (യോഹന്നാൻ 12:1–8) കുറച്ച് കൂടെ വിശദീകരണങ്ങൾ ഉൾപ്പെടുന്നു, അവ ഇതാണ്: യേശുവിനെ ആദരിച്ചു കൊണ്ട് ഒരു അത്താഴം ഒരുക്കി; മാർത്ത അവിടെ ശുശ്രൂഷ ചെയ്തിരുന്നു; ലാസറിനേയും വിരുന്നിന് ക്ഷണിച്ചിരുന്നു; യേശുവിനെ അഭിഷേകം ചെയ്ത സ്ത്രീ, മാർത്തയുടെ സഹോദരി മറിയ ആയിരുന്നു; അതിനെ വിമർശിച്ച ആൾ യൂദാ ഈസ്ക്കര്യോത്താവും ആയിരുന്നു. ആ വിശദാംശങ്ങൾ തീർച്ചയായും വൈപരീത്യം ഉളവാക്കുന്നതല്ല, എന്നാൽ അവ കൂട്ടി ചേർത്തിരിക്കുന്നതാണ്.

സാക്ഷികൾ സഹായകരമായ വിശദാംശങ്ങൾ നൽകുമ്പോൾ, അത് അവരുടെ സാക്ഷ്യത്തെ അവമതിക്കുകയല്ല മറിച്ച് അവരുടെ സത്യ സന്ധതയെ ഉറപ്പിക്കുകയാണ് ചെയ്യുന്നത് എന്നതു ശ്രദ്ധിക്കണം.

> ഡോ. [ഹെൻറി] വാൻ ഡൈക്ക് പറഞ്ഞു, "ഒരു ന്യായാധിപന്റെ മുൻപിൽ ഒരു സംഭവത്തിന്റെ വിവരണം നൽകുവാനായി നാലു സാക്ഷികൾ പ്രത്യക്ഷപ്പെടുകയും, ഓരോരുത്തരും ഒരേ വാക്കുകളിൽ ഒരേ സംഭവത്തെ കുറിച്ചു പറയുകയാണെങ്കിൽ, ന്യായാധിപൻ അതിൽ സംശയിക്കുവാനില്ല എന്നു തീർച്ച പ്പെടുത്തുന്നത്, അവരുടെ സാക്ഷ്യത്തിന് പ്രത്യേക വിലയുള്ളതു കൊണ്ടല്ല, പിന്നെയോ ആ സംഭവത്തെ കുറിച്ചു പറയുവാനുള്ള അവരുടെ പൂർണ്ണമായ യോജിപ്പ് അതിലുള്ള സംശയത്തെ ദൂരീകരിക്കുന്നതുകൊണ്ടാണ്. എന്നാൽ ഓരോരുത്തരും താന്താൻ കണ്ടത് പറയുകയാണെങ്കിൽ, അതായത് കണ്ടതു പോലെ തന്നെ, അപ്പോൾ തെളിവ് വിശ്വസിക്കത്തക്കതാകുന്നു. നാം നാലു സുവിശേഷങ്ങൾ വായിക്കുമ്പോൾ, അതല്ലേ കൃത്യമായും നാം അവിടെ കാണുന്നത്? ഒരേ സംഭവം താന്താന്റെ രീതിയിൽ നാലുപേരും പറയുന്നു."[10]

എങ്ങനെയായാലും, ചില കാര്യങ്ങളിൽ, വിശദാംശങ്ങൾ വെറും സഹായകരമായി ചേർക്കുന്നതല്ല; പകരം, അവ വ്യത്യസ്തമാണ്. സംഭവങ്ങളുടെ ക്രമം ഒന്നുതന്നെ ആയിരിക്കുകയില്ല, വ്യത്യസ്ത വ്യക്തി കളെ സൂചിപ്പിക്കാം, അല്ലെങ്കിൽ സംഖ്യകൾക്കും മാറ്റമുണ്ടായേക്കാം. ഉദാഹരണത്തിന്, യേശു ഒരാളെ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ കുരുടന്മാരെ യെരീഹോവിനടുത്തുവെച്ച് സൗഖ്യമാക്കുന്ന സംഭവം ശ്രദ്ധിക്കുക. മത്തായിയുടെ വിവരണത്തിൽ (മത്തായി 20:29–34), യേശു യെരീഹോ *വിട്ടുപോകുകയും* അപ്പോൾ *രണ്ടു*പേരെ സൗഖ്യമാക്കുകയും ചെയ്തിരുന്നു. ലൂക്കൊസിന്റെ വിവരണത്തിൽ (ലൂക്കൊസ് 18:35–43), യേശു

യെരീഹോവിനോടു *അടുക്കുകയായിരുന്നു* അപ്പോൾ കുരുടനായ *ഒരു* മനുഷ്യനെ കുറിച്ചു മാത്രമാണ് സൂചിപ്പിച്ചത്.[11] അത്തരത്തിലുള്ള വ്യത്യാസങ്ങൾ നാം എങ്ങനെ വിശദമാക്കും? ഇതാ ചില സാദ്ധ്യതകൾ:

(1) എഴുത്തുകാർ ഊന്നൽ നൽകുന്നതിലുള്ള വ്യത്യാസം കൊണ്ടാണ് വിശദാംശങ്ങളിൽ ചില വ്യത്യാസം നിലനില്ക്കുന്നത്. മുകളിലത്തെ ഉദാഹരണത്തിൽ, ലൂക്കൊസ് ഊന്നൽ കൊടുത്തത് ഒരു കുരുടനിൽ മാത്രമായിരുന്നു, എന്നാൽ അത് രണ്ടു കുരുടന്മാർ ഉണ്ടായിരിക്കുവാനും അവരെ സൗഖ്യമാക്കുവാനും ഉള്ള സാധ്യതയെ ഇല്ലാതാക്കുന്നില്ല.

(2) വിശദാംശങ്ങളിൽ വ്യത്യാസം നിലനില്ക്കുവാൻ കാരണം എഴുത്തുകാർ ഒരുപോലെയുള്ള സംഭവങ്ങളെ കുറിച്ചാണ് എഴുതിയത്, എന്നാൽ ഒരേ സംഭവം ആയിരുന്നില്ല. എഫ്. ലഗാർഡ് സ്മിത്ത് എഴുതി,

> ചിലപ്പോൾ ... ഒരേ പോലെയുള്ള രണ്ടു സംഭവങ്ങൾ രണ്ടു പ്രാവശ്യം യഥാർത്ഥത്തിൽ നടന്നതാണോ അല്ലെങ്കിൽ ഒരു വ്യത്യസ്ത എഴുത്തുകാരൻ മറ്റൊരു സന്ദർഭത്തിൽ രേഖപ്പെടുത്തിയ അത്തരം ഒരു സംഭവം മാത്രമാണോ അത് എന്നത് തീരുമാനിക്കുക പ്രയാസമുള്ളതാണ്. ആ പ്രശ്നത്തിനുള്ള ഉദാഹരണങ്ങളാണ് ദേവാലയ ശുദ്ധീകരണവും യെരുശലേമിനെ കുറിച്ചുള്ള വിലാപവും.[12]

(3) സംഭവത്തിന്റെ വസ്തുതകൾ എല്ലാം നമുക്കില്ലാത്തതുകൊണ്ട് വൈപരീത്യങ്ങൾ ഉള്ളതായി തോന്നിയേക്കാം. മുകളിൽ പറഞ്ഞ ഉദാഹരണത്തെ സംബന്ധിച്ച്, യെരീഹോവിന്റെ പഴയ സ്ഥലവും പുതിയ യെരുശലേം പട്ടണത്തിന്റെ സ്ഥലവും രണ്ടാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ട്, സംഭവം നടന്നത് യേശു ഒന്നിനെ *വിട്ടുപോയി* മറ്റൊന്നിൽ *പ്രവേശിച്ച*പ്പോൾ ആയിരിക്കാം. ആ വൈപരീത്യങ്ങളെ ശരിയായി പ്രഖ്യാപിക്കുന്നവർ അവരുടെ പരിജ്ഞാന കുറവിനെയാണ് സമ്മതിക്കുന്നത്.

(4) മൂലവേദ ഗ്രന്ഥത്തെ കുറിച്ച് നമുക്കു മനസ്സിലാക്കുവാൻ കഴിയാത്തതുകൊണ്ടാണെന്നു തോന്നുന്നു വൈപരീത്യങ്ങൾ നിലനില്ക്കുന്നത്. വർഷങ്ങളോളം, മതപരമായ സംശയാലുക്കൾ പഴയ നിയമത്തിലെ ശമ്പള വ്യവസ്ഥയിൽ വൈപരീത്യം നിലനില്ക്കുന്നതായി അവകാശപ്പെട്ടിട്ടുണ്ട്: ഒരു വിവരണത്തിൽ ശമ്പളത്തെ കുറിച്ചു ഒരു സംഖ്യയും മറ്റൊന്നിൽ വേറൊന്നും ആണ് പറഞ്ഞിരിക്കുന്നത്. പിന്നീട്, ഭൂഗർഭഗവേഷകന്മാർ വിലയേറിയ ലോഹങ്ങളുടെ മൂല്യം കണക്കാക്കുന്നതിന് ആ സമയത്തു രണ്ടു വ്യവസ്ഥകൾ നിലനിന്നതായി കണ്ടെത്തി; ഒരുപക്ഷെ ഒരു എഴുത്തുകാരൻ ഒരു രീതിയിലുള്ള മൂല്യനിർണ്ണയം കണക്കാക്കിയപ്പോൾ വേറൊരു എഴുത്തുകാരൻ രണ്ടാമത്തേതു ഉപയോഗിച്ചിരിക്കാം. ഓരോ കാലത്തും, ഭൂഗർഭ ഗവേഷണം വേദഭാഗത്തിൽ പുതിയ വെളിച്ചം പകരുന്നു.

യേശുവിന്റെ സംഭവത്തെ കുറിച്ചുള്ള പഠനം നാം പുരോഗമി ക്കുമ്പോൾ, വിവരണങ്ങൾ തമ്മിൽ പ്രചാരത്തിലിരിക്കുന്ന ചില "വ്യത്യാസങ്ങൾ" ഉള്ളത് ഞാൻ ശ്രദ്ധിക്കുകയും ആ വ്യത്യാസങ്ങൾ ഇല്ലാതാക്കുവാൻ സാധ്യമായ വഴികൾ നിർദ്ദേശിക്കുകയും ചെയ്യും.

### നാല് വിവരണങ്ങളിലെ സമാനതകൾ

തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയിൽ ഞാൻ വിശ്വസിക്കുന്നതുകൊണ്ട് (2 തിമൊഥെയൊസ് 3:16, 17), അതാണ് എന്നെ സംബന്ധിക്കുന്ന സുവിശേഷ വിവരണങ്ങളിലെ *ഏറ്റകുറച്ചിലുകൾ.* എങ്ങനെയായാലും, സുവിശേഷ വിവരണങ്ങൾ തമ്മിലുള്ള *സമാനതകളെ* കുറിച്ച് പല പണ്ഡിതന്മാരും ഉത്കണ്ഠാകുലരാണ് – പ്രത്യേകിച്ച് മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവരുടെ വിവരണങ്ങൾ. ഇവർ "പൊതുവായ പ്രശ്നം" സൂചിപ്പിക്കുകയും എന്തുകൊണ്ട് ഈ മൂന്നുപുസ്തകങ്ങളും ഒരുപോലെ എന്നതിനെ വിശദമായി വാദിക്കുകയും ചെയ്യുന്നു: എന്തുകൊണ്ടാണ് ചിലപ്പോൾ എഴുത്തുകാർ ഒരേ രീതിയിലുള്ള അല്ലെങ്കിൽ സമാനതയുള്ള ഭാഷകൾ ഉപയോഗിച്ചത്. അവർ ഇതുപോലെയുള്ള ചോദ്യങ്ങളിൽ പ്രതിസന്ധി നേരിട്ടിരുന്നു: "ഒരു എഴുത്തുകാരൻ മറ്റൊരു എഴുത്തുകാരന്റേതാണോ പകർത്തുന്നത്?"; "എഴുത്തുകാർ പൊതുവായ ഉറവിടത്തിൽ നിന്നാണോ പകർത്തുന്നത്?"

ഈ അറിവുള്ള ആളുകളുടെ ഉറപ്പില്ലായ്മയിൽ എനിക്ക് അല്പ സഹതാപം തോന്നുന്നു എന്നു ഞാൻ സമ്മതിക്കുന്നു. പരിശുദ്ധാത്മാവ് എന്ന, പൊതുവായ ലേഖകനാൽ ശ്വാസീയമാക്കപ്പെട്ട എല്ലാ പുസ്തകങ്ങൾക്കും സ്വാഭാവികമായി ഉണ്ടാകുന്ന ഫലമാണ് അത്തരം സമാനതകൾ. പഴയ നിയമകാലത്തിലേതുപോലെ, "ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ" (2 പത്രൊസ് 1:21). ഒരാൾക്ക് തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയിൽ വിശ്വാസമുണ്ടെങ്കിൽ,[13] നാലു പുസ്തകങ്ങളുടെ പൊതുവായ കർത്തൃത്വത്തിന് "പൊതുവായ കാഴ്ച്ചപ്പാട്" എന്നതിനെ എന്നേക്കുമായി പരിഹരിക്കുവാൻ സാധിക്കും.

### നാല് വിവരണങ്ങൾ വിശ്വസിക്കുവാൻ കഴിയുന്നതാണ്!

യേശുക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചു സഭയുടെ ആരംഭകാലം മുതൽ മത്തായിയുടെയും, മർക്കൊസിന്റേയും, ലൂക്കൊസിന്റേയും, യോഹന്നാന്റേയും വിവരണങ്ങളെ ദൈവശ്വാസീയമായ പുതിയ നിയമത്തിന്റെ ഭാഗമായി പരിഗണിച്ചിരിക്കുന്നു – ആ നാല് വിവരണങ്ങളെ *മാത്രമേ* ഉൾപ്പെടുത്തിയിട്ടുമുള്ളൂ.

> അപൂർണ്ണമായ ചില പ്രസ്താവനകൾ ഒഴിച്ചാൽ [പുതിയ നിയമത്തിൽ മറ്റു പുസ്തകങ്ങളിൽ കാണുന്ന], [യേശുവിന്റെ] ജീവിതത്തെ കുറിച്ചുള്ള ആധികാരികമായ രേഖകൾ ഉള്ളത് മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ, എന്നിവരുടെ നാല് സുവിശേഷങ്ങളിൽ മാത്രവും അതു ക്രിസ്തീയ സഭ അതിന്റെ ആരംഭചരിത്രം മുതൽ സ്വീകാര്യമായി കരുതുകയും ചെയ്യുന്നു. മറ്റു പല സുവിശേഷങ്ങളും അവന്റെ ജീവിതത്തെ കുറിച്ചു പ്രസിദ്ധമായ നാലു സുവിശേഷ ങ്ങളിലും ഇല്ലാത്ത വസ്തുതകൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, സംശയകരമായ സുവിശേഷങ്ങൾ,[14] എന്നു വിളിക്കപ്പെടുന്ന അവ, പൊതുവായി പിന്നീട് വന്നതും അതിന്റെ വിശ്വാസീയതയെ സംശയിക്കാവുന്നതുമാണ്. അവയിലുള്ള വളരെ കുറച്ചു വിവര ണങ്ങൾ കാനോന്യ സുവിശേഷങ്ങൾ നൽകുന്നതിന്റെ പകർ

> പ്പല്ലാത്തതും അതിൽ ചേർത്തിരിക്കുന്നത് അധികവും തീർച്ചയായും യാഥാർത്ഥ്യമല്ലാത്തതും അസാധാരണമായതുമാണ്. അതിലുപരിയായി, അവയുടെ ഭാഷയാൽ അവ എഴുതപ്പെട്ടത് ചില പ്രത്യേക വിഭാഗത്തിന്റെ കാഴ്ച്ചപ്പാടുകളെ ഊതിവീർപ്പിക്കുവാൻ ആയിരുന്നു എന്നു പലപ്പോഴും വെളിപ്പെടുത്തുന്നു ...[15]

ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള പഠനം നാം തുടങ്ങുമ്പോൾ, ആ നാലു വിവരണങ്ങളിൽ നമുക്കാ*ശ്രയിക്കുവാൻ* കഴിയും എന്ന തിരിച്ചറിവു പ്രാധാന്യമുള്ളതാണ്.

> കഴിഞ്ഞ കാലത്തുണ്ടായിരുന്ന അമേരിക്കൻ നിയമജ്ഞരിൽ പ്രമുഖനായിരുന്ന സൈമൺ ഗ്രീൻ ലീഫ്, തെളിവിനെ കുറിച്ചുള്ള നിയമം എന്നതിനെ അടിസ്ഥാനപ്പെടുത്തി ഏറ്റവും പ്രധാനപ്പെട്ട ഒരു പുസ്തകം ഇംഗ്ലീഷ് ഭാഷയിൽ എക്കാലത്തേക്കും എഴുതി. അയാളുടെ പുസ്തകമായ, *ഏ ട്രീറ്റൈസ് ഓൺ ദ ലാ ഓഫ് എവിഡൻസ്,* ആ വിഷയത്തെ സംബന്ധിച്ച് ഏതാണ്ടു നൂറു വർഷത്തോളം ഏറ്റവും മികച്ചതായി നിലനിന്നിരുന്നു. അത് പതിനാറ് ലക്കങ്ങൾ കടന്നുപോയി. അറുപത്തി–മൂന്നാം വയസ്സിൽ അയാൾ പക്വതയുള്ള ഒരു അഭിഭാഷകനായിരുന്നപ്പോൾ, അയാളുടെ മരണത്തിന് ഏഴു വർഷം മുൻപ്, സൈമൺ ഗ്രീൻലീഫ് പ്രസിദ്ധീകരിച്ച ഒരു വാല്യത്തിൽ യേശുക്രിസ്തുവിനെ കുറിച്ച് നാല് സുവിശേഷകന്മാർ സാക്ഷ്യം പറഞ്ഞതിനെ അയാൾ പരിശോധിക്കുന്നു. പരിഷ്കൃത ലോകത്തിൽ നീതി ന്യായ കോടതിയിൽ ഉപയോഗിച്ച അതേ നിയമ തെളിവുകൾ ആയിരുന്നു അതിലും അയാൾ ഉപയോഗിച്ചത്. അയാൾ പറഞ്ഞു: ‘‘ഞങ്ങളുടെ ജോലി തെറ്റുകളുടെ നൂലാമാലകൾ പുറത്തുകൊണ്ടുവരുവാനും, അതിലെ സൂത്രങ്ങൾ പരിശോധിക്കുവാനും, അതിലെ വലിയ നിഗൂഢതകളെ തുളച്ചു കടക്കുവാനും, അതിനെ പിൻതുടർന്ന് തെറ്റായ വാദഗതിയെ പുറത്തു കൊണ്ടുവരുവാനും, വിവിധ സാക്ഷികളുടെ മൊഴികളെ കഠിനമായി താരതമ്യം ചെയ്യുവാനും, അസത്യത്തിൽ നിന്ന് സത്യം കണ്ടെത്തുവാൻ ശ്രമിക്കുവാനും ഇടയാക്കുന്നു.” 543 പേജുകൾ ഉള്ള, ഈ പുസ്തകത്തിൽ, സൈമൺ ഗ്രീൻലീഫ് തീർച്ചപ്പെടുത്തിയത് എന്തെന്നാൽ സുവിശേഷങ്ങൾ തികച്ചും വിശ്വാസയോഗ്യ മാണെന്നും നാലു സുവിശേഷകന്മാർ യേശു ക്രിസ്തുവിനെ കുറിച്ച് പറഞ്ഞിട്ടുള്ളത് കള്ളമല്ല, കാരണം അവരുടെ സാക്ഷ്യങ്ങൾ സത്യമാണെന്ന് തെളിയിക്കുന്നു എന്നുമാണ്.[16]

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവ എന്തവകാശ പ്പെടുന്നുവോ അതു തന്നെയാണ്: ജീവിച്ചിരുന്നവരിൽവെച്ച് മഹത്താ യവരുടെ സത്യസന്ധമായ ജീവിത വിവരണങ്ങൾ ആയിരുന്നു അത്! നിങ്ങൾക്കു നിങ്ങളുടെ ജീവിതത്തെയും – നിങ്ങളുടെ നിത്യതയെയും – ഈ പുസ്തകങ്ങളിലേക്ക് അർപ്പിക്കാം. പൗലൊസ് അതിനെ ഇങ്ങനെ പറഞ്ഞു: ‘‘ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ, ലോകത്തിൽ വന്നു എന്നുള്ളത്, വിശ്വാസവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ” (1 തിമൊഥെയൊസ് 1:15).

കുറിപ്പുകൾ

[1]“സുവിശേഷങ്ങൾ” എന്ന വാക്ക് പുതിയനിയമത്തിലെ ആദ്യ നാല് പുസ്തകങ്ങളെ സൂചിപ്പിക്കുവാൻ ആണ് രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ഉപയോഗിച്ചിരുന്നത്. ഞാൻ ഇഷ്ടപ്പെടുന്ന പ്രയോഗം “സുവിശേഷ വിവരണങ്ങൾ,” എന്നാണ് എന്നാൽ മറ്റുള്ളവർ “സുവിശേഷങ്ങൾ” എന്ന് സാങ്കേതികമായി ഉപയോഗിക്കുന്നതിൽ എനിക്ക് ഒരു എതിർപ്പുമില്ല. [2]“ആട്ടോപ്റ്റിക്” എന്ന വാക്ക് ദൃക്സാക്ഷി എന്നതിനെ കുറിച്ചുള്ള ആശയത്തെയും നൽകുന്നതാണ്. [3]ഹെൻറീറ്റാ സി. മിയേഴ്സ്, *വാട്ട് ദ ബൈബിൾ ഇസ് ആൾ എബൗട്ട്* (ഗ്ളെൻടെയിൽ, കാലിഫ്.: ഗോസ്പെൽ ലൈറ്റ് പബ്ളിക്കേഷൻസ്, 1966), 348. [4]വ്യത്യസ്ത സദസ്യർക്കുവേണ്ടി വിവരണങ്ങൾ നൽകുവാനുള്ള ഉദാഹര ണത്തിന്, പ്രവൃത്തികളുടെ പുസ്തകത്തിലെ പൗലൊസിന്റെ മൂന്നുപരിവർത്തന വിവരണങ്ങൾ ശ്രദ്ധിക്കുക: പ്രവൃത്തികൾ 9–ൽ വിവരിച്ചിട്ടുള്ളത് ലൂക്കൊസിന്റെ വായന ക്കാർക്കുവേണ്ടിയാണ്; പ്രവൃത്തികൾ 22–ൽ യെരുശലേമിൽ വെച്ച് യെഹൂദന്മാരോട് പൗലൊസ് പ്രതിരോധിക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ് അത്; പ്രവൃത്തികൾ 26–ൽ ഉള്ളത് കൈസര്യയിലെ പൗലൊസിന്റെ പ്രസംഗത്തിന്റെ ഭാഗമായിട്ടുള്ളതും അതു മുഖ്യമായും അഗ്രിപ്പാ രാജാവിനോടുള്ളതുമായിരുന്നു. സൈമൺ കിസ്റ്റമേക്കർ ആ അവസാന രണ്ടു വിവരണങ്ങളെ കുറിച്ച് ഇപ്രകാരം പറഞ്ഞു: “ആ ഒരേ സംഭവത്തിൽ നിന്ന് [അവന്റെ പരിവർത്തനം], [പൗലൊസ്] വ്യത്യസ്ത വാക്കുകൾ ശരിയായി തിരഞ്ഞെടുത്ത് വ്യത്യസ്ത വസ്തുതകൾക്കു ഊന്നൽ നൽകി സുവിശേഷം ഓരോ കൂട്ടത്തിലേക്കും എത്തിക്കുവാൻ അവൻ പ്രയത്നിച്ചു ...” (സൈമൺ കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമന്ററി: എക്സ്പൊ സിഷൻ ഓഫ് ദ ആക്ട്സ് ഓഫ് ദ അപ്പൊസ്റ്റിൽസ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990], 899). [5]ഈ പുസ്തകത്തിൽ അവസാനം ഓരോ പുസ്തകത്തിന്റെയും ബാഹ്യ രൂപരേഖയിൽ നാല് വിവരണങ്ങളെ കുറിച്ചും കൂടുതൽ വിശദാംശങ്ങൾ നൽകുന്നതാണ്. [6]“മർക്കൊസിന്റെ പുസ്തകം,” എന്ന പാഠം ഈ പുസ്തകത്തിന്റെ അവസാനത്തിൽ വരുന്നതു നോക്കുക. [7]ജോൺ ഫ്രാങ്ക്ലിൻ കാർട്ടറിനെ സംബന്ധിച്ച്, *ഏ ലെമാൻസ് ഹാർമണി ഓഫ് ദ ഗോസ്പൽസ്* (നാഷ്വില്ലേ: ബ്രോഡ്മാൻ പ്രെസ്, 1961), 25. [8]ശൗലിന്റെ പരിവർത്തനത്തെ കുറിച്ചു, പ്രവൃത്തികളുടെ പുസ്തകത്തിൽ ലൂക്കൊസ് മൂന്നു വിവരണങ്ങൾ നല്കിയതായി ഞാൻ ആദ്യം പറഞ്ഞുവല്ലൊ (പ്രവൃത്തികൾ 9; 22; 26). ഇതിനെ കുറിച്ച് ജോൺ സ്റ്റോട്ട് പറഞ്ഞതു, “ഒരൊറ്റ ലേഖകൻ (ലൂക്കൊസ്) ഒരേ സംഭവം വ്യത്യസ്ത രീതിയിൽ എങ്ങനെ പറഞ്ഞിരിക്കുന്നു എന്നതിനെ നാം പഠിക്കുമ്പോൾ മൂന്നു പൊതുവായ സുവിശേഷകന്മാർ അവരുടെ ഒരേ സംഭവങ്ങളെ വ്യത്യസ്തമായി എങ്ങനെ പറയുന്നുവെന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കും” (മത്തായിയും, മർക്കൊസും ലൂക്കൊസും). (ജോൺ ആർ. ഡബ്ളിയു. സ്റ്റോട്ട്, *ദ മെസ്സേജ് ഓഫ് ആക്ട്സ്: ദ സ്പിരിറ്റ്, ദ ചർച്ച് ആന്റ് ദ വേൾഡ്*, ദ ബൈബിൾ സ്പീക്സ് റ്റുഡേ സീരീസ്, എഡി. ജോൺ ആർ. ഡബ്ളിയു. സ്റ്റോട്ട് [ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 1990], 380). [9]ഒരു ദിനാർ എന്നതു ഒരു സാധാരണ തൊഴിലാളിയുടെ ഒരു ദിവസത്തെ ശമ്പളത്തിനു തുല്യമാണ്. “ദിനാറിയസ്” എന്നതിന്റെ ബഹുവചന രൂപമാണ് “ദിനാറൈ.” [10]മിയേഴ്സ്, 345.

[11]മർക്കൊസിന്റെ വിവരണത്തിൽ (മർക്കൊസ് 10:46–52), ഒരു കുരുടൻ മാത്രമാണ് സൗഖ്യമായത് (ബർത്തിമായി). [12]എഫ്. ലഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ* ഇൻ *ക്രൊണോളജിക്കൽ ഓർഡർ* (യൂജീൻ, ഓറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ളിഷേഴ്സ്, 1984), 1351. [13]ഈ പരമ്പരയിലുടനീളം, പരിശുദ്ധാത്മാവിനാൽ ദൈവശ്വാസിയമായിട്ടാണ് മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവർ എഴുതിയത് എന്നു കരുതാം. ചിലപ്പോൾ ഇതു പ്രസ്താവിക്കും; ചിലപ്പോൾ അതിനെ പറഞ്ഞി രിക്കയില്ല. സുവിശേഷ